# ഉയിർപ്പുകാലം

## വചന വിചിന്തനം

### ഉയിർപ്പുകാലം അഞ്ചാം ഞായർ

യോഹ 21,1-14

**യേശു പറഞ്ഞു: "വന്നു പ്രാതൽ കഴിക്കുവിൻ. ശിഷ്യൻമാരിലാരും അവനോട് നീ ആരാണ് എന്നു ചോദിക്കാൻമുതിർന്നില്ല; അതു കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു" (യോഹ 16,12). ഭക്ഷണം ഒന്നിച്ച് കഴിക്കുന്നത്, ഭക്ഷണം പരസ്പരം പങ്കുവയ്ക്കുന്നത് അപ്പം മുറിച്ച് നൽകുന്നത്, ഒന്നിച്ചിരിക്കുന്നത് ഇവയെല്ലാം ദൈവസ്വഭാവത്തിന്റെ ലക്ഷണങ്ങളാണ്.**

*"യേശു വന്ന് അപ്പമെടുത്ത് അവർക്കു കൊടുത്തു; അതുപോലെതന്നെ മത്സ്യവും." ഗുരു വീണ്ടും ദാസ്യവേല ചെയ്യുന്നു!*

മൂന്നാം പ്രാവിശ്യവും, മരണത്തെ ജയിച്ച് ഉയർത്തെഴുന്നേറ്റ, ക്രിസ്തു തന്നെ തന്നെ തന്റെ പ്രിയശിഷ്യൻമാർക്ക് വെളിപ്പെടുത്തുന്ന ഊഷ്മളമായ വചനഭാഗം. ക്രിസ്തുവിന്റെ മൂന്നാപ്രാവശ്യത്തെ പ്രത്യക്ഷീകരണം ഒരു "ഷോർട്ട് ഫിലിമിന്" വേണ്ട മുഴുവൻ ചേരുവകകളും ചേർന്നതാണ്. രംഗം അരങ്ങേറുന്നത് തിബേരിയാസ് കടൽത്തീരത്തുവച്ചാണ്. കഥാപാത്രങ്ങൾ ശിമയോൻ പത്രോസ്, ദിദിമോസ് എന്നു വിളിക്കപ്പെടുന്ന തോമസ്, ഗലീലിയിലെ കാനായിൽനിന്നുള്ള നഥാനയേൽ, സെബദിയുടെ പുത്രൻമാർ എന്നിവരും വേറെ രണ്ടു ശിഷ്യൻമാരുമാണ്. ഇവർ ഒന്നിച്ചിരിക്കുമ്പോൾ എന്നും നേതാവ് എന്ന് മാത്രം വിളിക്കപ്പെടുന്ന ശിമയോൻ പത്രോസ് പറഞ്ഞു;

"ഞാൻ മീൻ പിടിക്കാൻ പോകുകയാണ്."

നേതാവിന്റെ പാറപോലെ ഉറച്ച വാക്കുകേട്ട മറ്റുശിഷ്യൻമാരും പറഞ്ഞു;

"ഞങ്ങളും നിന്നോടുകൂടെ വരുന്നു."

"മുമ്പേ ഗമിക്കും ബഹു ഗോവുതന്റെ; പിമ്പേ ഗമിക്കും ബഹു ഗോക്കളെല്ലാം..." എന്നു പറയുന്നതുപോലെ ശിഷ്യപ്രമുഖനായ ശിമയോൻ പത്രോസിന്റെ നേതൃത്വത്തിൽ, മീൻ പിടുത്തത്തിൽ അഗ്രഗണ്യൻമാരായ മറ്റുശിഷ്യന്മാരെല്ലാവരും കൂടെ മീൻ പിടിക്കാൻ ആരംഭിച്ചു. പക്ഷെ, ഗുരുവിനെ കൂട്ടാതെ മീൻ പിടിക്കാൻ പോയ അവർ ആ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും അവർക്ക് ഒന്നും കിട്ടിയില്ല. നിരാശരായി ഉഷസ്സായപ്പോൾ കരയിലേയ്ക്ക് തിരിച്ചു വന്ന ശിഷ്യരെ നോക്കി ക്രിസ്തു കടൽക്കരയിൽ നിന്നു. എന്നാൽ, രാത്രിയുടെ അദ്ധ്വാനവും നിരാശയും അതു ക്രിസ്തുവാണെന്നു തിരിച്ചറിയൻ ശിഷ്യൻമാർക്ക് സാധിച്ചില്ല.

കരയടുത്ത ശിഷ്യൻമാരോട് ക്രിസ്തു ചോദിച്ചു;

"കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ?"

ഒരു രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും വെറുംകയ്യോടെ മടങ്ങിയെത്തിയ അവർ മറുപടി പറഞ്ഞു;

"ഞങ്ങളുടെ കൈയ്യിൽ ഒന്നും ഇല്ല..."

നിരാശ നിറഞ്ഞ അവരുടെ മറുപടിയുടെ അർത്ഥം മനസ്സിലാക്കിയ ക്രിസ്തു വള്ളവും വലയും അടുപ്പിക്കുന്ന അവരോട് പറഞ്ഞു;

"വള്ളത്തിൻെറ വലത്തു വശത്തു വലയിടുക. അപ്പോൾ നിങ്ങൾക്കു കിട്ടും."

പിന്നീട് വചനം പറയുന്നത് ഇപ്രകാരമാണ്;

"അവർ വലയിട്ടു. അപ്പോൾ വലയിലകപ്പെട്ട മത്സ്യത്തിൻെറ ആധിക്യം നിമിത്തം അതു വലിച്ചു കയറ്റാൻ അവർക്കു കഴിഞ്ഞില്ല."

ഒരു രാത്രിമുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും സ്വന്തമാക്കാൻ സാധിക്കാതെ മീൻപിടുത്തത്തിൽ സ്വന്തമാക്കിയ 'ഡോക്ട്രേറ്റ്" അഴിച്ച് വച്ച് നിൽക്കുന്ന ശിഷ്യപ്രമുഖനും കൂട്ടാളികളും. കടലിന്റെ ഓരോ ചലനവും തിരിച്ചറിയാൻ കെൽപ്പുണ്ടായിരുന്നവർക്ക് ഒരു രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഫലം വട്ടപൂജ്യം മാത്രമാണ്. നിരാശയുടെ ആർത്തനാദം അവരുടെ മുഖത്ത് തളം കെട്ടി നിൽക്കുന്നുണ്ട്. നിലം തികഞ്ഞ മുക്കുവൻമാർക്ക് ഒന്നും കിട്ടിയില്ല എന്നു പറയുന്നത് അൽഭുതത്തോടെ വേണം കാണുവൻ. ഇത് ഓർമ്മപ്പെടുത്തുന്ന ചിന്ത;

"മനുഷ്യന്റെ ശക്തിക്കും കഴിവിനും പരിമിതിയുണ്ടെന്നും; ദൈവമില്ലാത്ത, ദൈവീക സാന്നിദ്ധ്യമില്ലാത്ത അദ്ധ്വാനമെല്ലാം പാഴ്‌വേലയാണെന്നുമാണ്."

ദൈവമില്ലാതെ, ദൈവാനുഗ്രമില്ലാതെ അദ്ധ്വാനിക്കുന്ന കഷ്ടപ്പാടുകളെല്ലാം വെറുതെയാണ് എന്നതിന് ഇതിനേക്കാൾ വലിയ ഉദാഹരണമില്ല. ദിവസത്തിൽ ഇരുപത്തിനാലു മണിക്കൂറും പഠിക്കുന്ന കുഞ്ഞിന് 'ഫുൾ എ+' പോയിട്ട് ജയിക്കാൻ പോലും സാധിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം പഠിക്കാഞ്ഞിട്ടല്ല. മറിച്ച്, ദൈവനുഗ്രഹം സ്വന്തമാക്കുന്നതിൽ തോറ്റുപോകുന്നതുകൊണ്ടാണ്. എങ്കിൽ, ഒന്നുറപ്പാണ്; "ജീവിതവിജയത്തിനാവശ്യമായ ചേരുവക അദ്ധ്വാനം മാത്രമല്ല. മറിച്ച്, ദൈവാനുഗ്രഹം കൂടെയാണ്."

"എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" (ഫിലി 4,13) എന്ന് വി. പൗലോസ്ശ്ലീഹ പറയുന്നുണ്ടെങ്കിൽ സമർത്ഥിക്കുന്നത് ഒന്നുമാത്രമാണ്. നിനക്ക് എല്ലാം ചെയ്യാൻ സാധിക്കുന്നത് നിന്നെ ശക്തനാക്കുന്ന ദൈവത്തിലൂടെ മാത്രമാണ് എന്നുള്ളതാണ്. അതുകൊണ്ട് നീ നിന്റെ കഴിവുകളിൽ എന്തുമാത്രം ആശ്രയിക്കുന്നുണ്ടോ അതിനേക്കാൾ ഏറെ നിന്റെ ദൈവത്തിൽ ആശ്രയിക്കേണ്ടിയിരിക്കുന്നു. തന്റെ ശിഷ്യൻമാരെ സമൃദ്ധികൊണ്ട് നിറയ്ക്കുന്ന തുടർന്നു വരുന്ന വചനഭാഗം നോക്കുക.

"ഉഷസ്സായപ്പോൾ യേശു കൽക്കരയിൽ വന്നു നിന്നു." വേദനകളിൽ ആശ്വാസം സമ്മാനിക്കാൻ വന്നു നിൽക്കുന്നവനാണ് ദൈവം!

തങ്ങൾ ഒന്നു കിട്ടിയില്ല എന്ന് പറഞ്ഞ ശിഷ്യന്മാരുടെ അടുത്ത് ക്രിസ്തു പറഞ്ഞു;

"വള്ളത്തിൻെറ വലത്തു വശത്തു വലയിടുക. അപ്പോൾ നിങ്ങൾക്കു കിട്ടും."

അത് ക്രിസ്തുവാണെന്ന് തിരിച്ചറിഞ്ഞിട്ടുമൊന്നുമല്ല. അവൻ പറഞ്ഞത് ശിഷ്യന്മാർ അനുസരിച്ചു. ആ അനുസരണം വലിയ അൽഭുതത്തിന് അവരെ സാക്ഷിയാക്കി.

"അവർ വലയിട്ടു. അപ്പോൾ വലയിലകപ്പെട്ട മത്സ്യത്തിൻെറ ആധിക്യം നിമിത്തം അതു വലിച്ചു കയറ്റാൻ അവർക്കു കഴിഞ്ഞില്ല."

നോക്കുക, ക്രിസ്തു പറയുന്നത് അനുസരിക്കുമ്പോൾ, ക്രിസ്തുവിനെ തങ്ങളുടെ അദ്ധ്വാനത്തിന്റെ കൂടെ നിർത്തുമ്പോൾ വലിയ അൽഭുതങ്ങൾ സംഭവിക്കുന്നത്. എല്ലാം നഷ്ടപ്പെട്ടു എന്നു കരുതി നിരാശയിൽ ജീവിക്കുന്നവരുണ്ടെങ്കിൽ ഓർക്കുക; "ക്രിസ്തുവിനെ ഞാൻ കൂടെ നിർത്തുന്നുണ്ടെങ്കിൽ, ക്രിസ്തുവിന്റെ കൂടെ നിന്ന് ക്രിസ്തു പറയുന്നത് കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ ജീവിതത്തിൽ ഇനിയും അൽഭുതങ്ങൾക്ക് ഇടമുണ്ട്." പാഴ്നിലമായ ജീവിതത്തെ ഫലസമൃദ്ധിയുള്ള വിളനിലമാക്കാൻ ക്രിസ്തുവിനും അവന്റെ വചനങ്ങൾക്കും മാത്രമെ സാധിക്കു.

ഇന്ന് പലപ്പോഴും ക്രിസ്തു പറയുന്ന കാര്യങ്ങൾ അനുസരിക്കാൻ നമുക്ക് താത്പര്യമില്ല. എനിക്ക് ഇഷ്ടമുള്ള കാര്യങ്ങൾ മാത്രം ചെയ്യും. എന്നിട്ട്, അതുമൂലമുണ്ടാകുന്ന മുഴുവൻ വിപത്തുകൾക്കും ദൈവത്തെ നാം കുറ്റം പറയും. ഈ ദിവസങ്ങളിൽ ദൈവത്തിന്റെ എഴുത്ത് എന്നപേരിൽ വായിക്കാനിടയായ മനോഹരമായ എഴുത്ത് ഇപ്രകാരമാണ്;

പ്രിയ സുഹൃത്തുക്കളെ,

വെടിക്കെട്ടപകടം നടന്നത് എന്റെ കഴിവുകേട് കൊണ്ടാണെന്നും ഞാൻ ജനത്തെ രക്ഷിച്ചില്ലെന്നും നിങ്ങൾ ആക്രോശിക്കുന്നു. നിങ്ങൾ ആരോപണങ്ങൾ ഉയിക്കും മുൻപ് സത്യാവസ്ഥ പരിശോധിക്കേണ്ടതാണ്. ഞാൻ നിങ്ങളോട് വെടികെട്ട് നടത്താൻ വന്ന് പറഞ്ഞോ? മത്സരകമ്പം നടത്താൻ പറഞ്ഞോ?

ഒരു കോപ്പും പറഞ്ഞിട്ടില്ല... നിങ്ങൾ നിങ്ങടെ ഇഷ്ടത്തിന് എന്റെ പേരും പറഞ്ഞ്

തോന്നുത് ചെയ്യുന്നു. നേരെ ചൊവ്വേ ചെയ്യാനറിയാത്തത് കൊണ്ട് ദുരന്തം ഉണ്ടാകുന്നു. അവസാനം കുറ്റം മുഴുവൻ എന്റെ തലക്ക്. നിങ്ങളേക്കാൾ നല്ലവൻമാർ അവിശ്വാസികളാണ്. അവർ എന്റെ പേരിൽ ഒന്നും ചെയ്യാത്തത് കൊണ്ട് ഞാനാണ് ഉത്തരവാദി എന്ന് പറയില്ലല്ലോ?

ഇനി അടുത്ത പണി തരുന്നത് ആനയായിരിക്കും. എടാ വിവരം കെട്ടവന്മാരെ, ഈ കൊടും ചൂടത്ത് കാട്ടരുവികളിൽ കിടന്ന് ശരീരം തണുപ്പിക്കുന്ന ജീവിയെ പിടിച്ച് വെയിലത്ത് നിർത്തി, പെരുമ്പറയും ചെണ്ടയും കൊട്ടി വട്ടാക്കിയാൽ അതെല്ലാം കൂടി ഓടി നിന്റെയൊക്കെ നെഞ്ചത്തോട്ട് കേറും. ഞാൻ ഉത്തരവാദിയല്ല പറഞ്ഞേക്കാം. ഞാൻ ആരോടും പറഞ്ഞിട്ടില്ല ആനപ്പുറത്ത് കേറിയിരുന്നു കുട മാറ്റി കളിക്കാൻ. നിന്റെയൊക്കെ വീട്ടിൽ പറഞ്ഞിട്ട് ഇറങ്ങിക്കോണം. നിങ്ങളുടെ വിചാരം ഞാൻ ശക്തിമാനേയും ഡിങ്കനെ പോലേയും പറന്നുവന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു സെറ്റപ്പാണെന്ന്. എന്നാൽ, ഞാനങ്ങനല്ല എന്ന് നിങ്ങൾക്ക് ഇതുവരേയും മനസ്സിലായിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

"ഞാൻ സ്നേഹമാണ്... വെറും സ്നേഹം... എല്ലാവരോടും എല്ലാത്തിനോടുമുള്ള സ്നേഹം."

മനുഷ്യർ കടതിണ്ണയിൽ കിടക്കുമ്പോൾ നിങ്ങൾ എനിക്കാണെന്നും പറഞ്ഞ് കൊട്ടാരങ്ങൾ പണിയുന്നു... അയൽകാരന്റെ മക്കൾ പട്ടിണി കിടക്കുമ്പോൾ നീ എനിക്കാണെന്നും പറഞ്ഞ് പാലഭിഷേകം നടത്തുന്നു... എന്തിനുവേണ്ടിയാണ് ഇത്തരം തോന്നിവാസങ്ങൾ? ഞാൻ വന്ന് നിന്റേം, നിന്റെ കുടുംബത്തേം മാത്രം രക്ഷിക്കുമെന്ന് കരുതിയോ? എന്നാൽ, എനിക്കതല്ല പണി. അതുകൊണ്ട് പരസ്പരം സ്നേഹിച്ച് ഭൂമിയെ സംരക്ഷിച്ച് നേരെ ചൊവ്വേ ജീവിക്കുക. അതുകൊണ്ട് ദുരന്തങ്ങൾ ഉണ്ടാവാതിരിക്കാൻ ബുദ്ധി ഉപയോഗിച്ച് ജീവിക്കുക. തെറ്റുകളിൽ നിന്ന് പാഠം പഠിക്കുക. നന്മ ചെയ്യുക. ഭൂമിയെ സംരക്ഷിക്കുക. എല്ലാത്തിനേയും സ്നേഹിക്കുക. ചിലർ എന്റെ പേരിൽ പോത്തിനെ കൊല്ലും; ചിലർ എന്റെ പേരിൽ പശുവിനെ കൊന്നവനെ കൊല്ലും; ചിലർ എന്റെ പേരിൽ മനുഷ്യന്റെ കഴുത്തറുക്കും; ചിലർ കക്കും; മുക്കും, വോട്ട് പിടിക്കും. എല്ലായിടത്തും പേര് എന്റെ... ഇതൊന്നും ചെയ്യാൻ ഞാൻ പറഞ്ഞിട്ടില്ല. ആയതിനാൽ മേലിൽ എന്റെ പേര് വലിച്ചിഴയ്ക്കരുത്...

വിശ്വസ്ഥതയോടെ, ദൈവം.......... ഒപ്പ്.

ദൈവം പറയുന്നത് അനുസരിക്കാതെ, ദൈവ പറയാത്ത കാര്യങ്ങൾ അനുസരിക്കാനുള്ള നെട്ടോട്ടത്തിലാണ് മനുഷ്യർ. അവിടെ ശരിയുടെയും തെറ്റിന്റെയും വിധികർത്താക്കൾ നമ്മൾ തന്നെയായി മാറ്റപ്പെടുന്നു. അവിടെയൊക്കെ ക്രിസ്തു പറയുന്നത്, "ഞാൻ പറയാത്ത കാര്യങ്ങൾ നിങ്ങൾ അനുസരിക്കേണ്ട. മറിച്ച്, പറയുന്ന കാര്യങ്ങൾ മാത്രം അനുസരിച്ചാൽ മതി എന്നുള്ളതാണ്." കരയിൽ നിൽക്കുന്ന ക്രിസ്തു തന്റെ ശിഷ്യന്മാരുടെ വേദന കണ്ടിട്ട് അവരോട് പറയുകയാണ്;

"വള്ളത്തിൻെറ വലത്തു വശത്തു വലയിടുക. അപ്പോൾ നിങ്ങൾക്കു കിട്ടും."

ശിഷ്യൻമാർ അനുസരിച്ചു. അത് വലിയ ആനന്ദത്തിന് കാരണമായി. പ്രകാശമുള്ളവൻ പ്രകാശത്തിന്റെ മക്കളെപ്പോലെ ചിന്തിക്കട്ടെ!

ഒരു വ്യക്തിക്ക്
ഒരു സമൂഹത്തെ
നയിക്കാൻ സാധിക്കും
എന്നതിന്റെ ഏറ്റവും
നല്ല ഉദാഹരണമാണ്
ശിമയോനും
മറ്റുശിഷ്യന്മാരും!

ഉയിർപ്പുകാലം / മൂന്നാം ഞായർ / യോഹ 21,1-14

**"അനുസരണം**
**ബലിയേക്കാൾ ശ്രേഷ്ഠം."**
സാമു 15,22

ഫാ. ജോബി മേനോത്ത്
+91 9447777931